ഭാഗമായിട്ട് വരുന്നതാണ്. അതിലുപരിയായി വന്ന ഏക ബിസിനസ് സ്പോർട്സ് ബില്ലിനുവേണ്ടിയുള്ള സമ്മേളനമാണ്. അതിനാണ് 15-ാം സമ്മേളനമെന്ന കാര്യം കൂടി നിങ്ങളെ അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

സെലക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരളാ സ്പോർട്സ് ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ-ഓർഡർ ..... അടുത്തത് അവകാശ ലംഘന പ്രശ്നങ്ങൾ

XV. അവകാശ ലംഘന പ്രശ്നങ്ങൾ

(എ) അനുമതി നിക്ഷേധിക്കപ്പെട്ടവ

സഭയുടെ അവസാനം നമ്മൾ എപ്പോഴും എടുക്കാറുള്ളതാണ്. പെൻഡിംഗായിട്ടുള്ള കാര്യങ്ങൾ പരിഗണനയിലുള്ളതാണ്. (1) 11.12.97-ലെ മംഗളം ദിനപ്പത്രത്തിന്റെ തിരുവനന്തപുരം എഡിഷനിൽ "നെല്ലിയാംപതി-പി. എ.സി. വെട്ടിലായി" എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ച വാർത്ത നിയമസഭാ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയെ തരംതാഴ്ത്തി കാണിക്കുന്നതും അവഹേളിക്കുന്നതും കമ്മിറ്റിയുടെ കൃത്യനിർവ്വഹണത്തിൽ ഇടപെട്ട് തടസ്സം സൃഷ്ടിക്കുന്നതും കമ്മിറ്റിക്ക് തെറ്റുപറ്റിയെന്ന തെറ്റായ വാർത്ത പ്രചരിപ്പിക്കുന്നതും ആണെന്ന് ആരോപിച്ചുകൊണ്ട് പ്രസ്തുത പത്രത്തിന്റെ എഡിറ്ററും പ്രിന്ററും പബ്ലിഷറുമായ ശ്രീ. പെരിങ്ങമ്മല രാമചന്ദ്രനെതിരെ ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് ഒരു അവകാശലംഘന നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ ചെയർ ശ്രീ. രാമചന്ദ്രനിൽ നിന്നും വിശദീകരണം ആരായുകയുണ്ടായി. അദ്ദേഹത്തിന്റെ വിശദീകരണത്തിൽ, നിയമസഭയേയും അതിന്റെ കമ്മിറ്റികളേയും അംഗങ്ങളേയും അതീവ ബഹുമാനത്തോടെയും ആദരവോടെയും കാണുന്ന വ്യക്തിയാണ് താനെന്നും ദീർഘമായ പൊതുപ്രവർത്തന ജീവിതത്തിൽ ഒരിക്കൽപോലും സഭയുടേയോ, അംഗങ്ങളുടേയോ അന്തസ്സിന് നിരക്കാത്ത ഒരു നടപടിയും തന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ലെന്നും എല്ലാ വാർത്തകളും പ്രസിദ്ധീകരിക്കുന്നതിനു മുൻപ് വ്യക്തിപരമായി പരിശോധിക്കാൻ കഴിഞ്ഞിരുന്നില്ലെന്നും അതിനാലാണ് ഇപ്രകാരമൊരു തെറ്റ് കടന്നുകൂടിയതെന്നും അതിൽ നിരുപാധികം ഖേദം പ്രകടിപ്പിക്കുന്നുവെന്നു പറഞ്ഞിരുന്നു. പ്രസ്തുത മറുപടിയുടെ വെളിച്ചത്തിൽ ശ്രീ. കെ.ടി. കുഞ്ഞഹമ്മദിന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

(2) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ തിരുവനന്തപുരം സ്പെഷ്യൽ സെല്ലിലെ എസ്.പി. ശ്രീ. എ. സുരേന്ദ്രൻ ഒരു കേസിന്റെ അന്വേഷണത്തിനായി തന്റെ ഓഫീസിൽ ഹാജരായി മൊഴി നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് മുൻ നിയമസഭാ പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി ചെയർമാൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.എം. ഹസ്സന് ഒരു നോട്ടീസ് നൽകിയിരുന്നുവെന്നും എസ്.പി.യുടെ ഈ നടപടി ഭരണഘടനാവിരുദ്ധവും നിയമസഭാ ചട്ടങ്ങളുടെ ലംഘനവും ആയതിനാൽ സുരേന്ദ്രനെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ.സി. ജോസഫ് ഒരു നോട്ടീസ് നൽകിയിരുന്നു.

പ്രശ്നം സംബന്ധിച്ച് ചെയർ എസ്.പി.യുടെ വിശദീകരണമാരായുകയുണ്ടായി. പാമോയിൽ ഇറക്കുമതിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ അന്വേഷണത്തിനിടയിൽ ലഭിച്ച ഫയലിൽ ശ്രീ. എം.എം. ഹസ്സന്റേതായി കാണപ്പെട്ട ചില കുറിപ്പുകളുടെയും ഇനിഷ്യലുകളുടേയും നിജസ്ഥിതി മനസ്സിലാക്കാൻ മാത്രമാണ് ശ്രീ. എം.എം. ഹസ്സനെ തന്റെ ഓഫീസിൽ ഹാജരാകാൻ ആവശ്യപ്പെട്ടതെന്നും അല്ലാതെ അദ്ദേഹത്തെ കേസിൽ സാക്ഷിയായിപ്പോലും ചേർത്തിട്ടില്ലെന്നും ഇക്കാര്യം അദ്ദേഹത്തിനയച്ച നോട്ടീസിൽ തന്നെ വ്യക്തമാക്കിയിരുന്നുവെന്നും അദ്ദേഹത്തിന് 'ഇമ്മ്യൂണിറ്റി' ഉണ്ടെന്ന് കരുതുന്ന കാര്യങ്ങളിൽ മറുപടി നൽകേണ്ടതില്ലെന്ന് പറഞ്ഞിരുന്നുവെന്നും ശ്രീ. എം.എം. ഹസ്സന്റെ അവകാശങ്ങളെ യാതൊരു തരത്തിലും താൻ ലംഘിച്ചിട്ടില്ലെന്നു മറുപടിയുടെ അടിസ്ഥാനത്തിൽ ശ്രീ. കെ.സി. ജോസഫിന് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു.

(3) പത്താം കേരള നിയമസഭയുടെ 14-ാം സമ്മേളനത്തിൽ പ്ലസ് ടു ലിസ്റ്റ് ഹൈക്കോടതി റദ്ദാക്കിയതിനെയും അനുബന്ധ കാര്യങ്ങളേയുംപറ്റി ശ്രീ. ഉമ്മൻചാണ്ടി ഉന്നയിച്ച അടിയന്തിരപ്രമേയ നോട്ടീസിനെ എതിർത്തുകൊണ്ട് സംസാരിക്കവേ ഹൈക്കോടതി ഡിവിഷൻ ബെഞ്ചും സുപ്രീംകോടതിയും റദ്ദാക്കിയ കേരള ഗവൺമെന്റിനെതിരെയുള്ള ഗോമതി കേസിൽ നിന്നുള്ള ഭാഗങ്ങൾ ഉദ്ധരിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫ്, ശ്രീ. എ.കെ. ആന്റണി, ശ്രീ. കെ.എം. മാണി, ശ്രീ. ഉമ്മൻചാണ്ടി എന്നിവരെ മനഃപൂർവ്വം സഭയിലും സഭാംഗങ്ങളുടെ ഇടയിലും അപകീർത്തിപ്പെടുത്തുകയാണെന്നും അതിനാൽ മന്ത്രിയ്ക്കെതിരെ അവകാശലംഘനത്തിന് നടപടിസ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ.ബി.വിജയകുമാർ ഒരു നോട്ടീസ് നൽകിയിരുന്നു. ചെയർ പ്രശ്നം സംബന്ധിച്ച് മന്ത്രിയിൽ നിന്ന് വിശദീകരണമാരായുകയുണ്ടായി. മന്ത്രിയുടെ മറുപടിയിൽ, അടിയന്തിരപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കവേ മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തെ രണ്ടു കേസുകളിൽ കോടതി നടത്തിയ പരാമർശങ്ങളെപ്പറ്റി ഒരു താരതമ്യ വിശകലനം നടത്താൻ വേണ്ടി മാത്രമാണ് ഗോമതി കേസിൽ നിന്നുള്ള ചില ഭാഗങ്ങൾ സഭയിൽ ഉന്നയിച്ചതെന്നും പ്രതിപക്ഷനേതാവിനെയോ മറ്റംഗങ്ങളേയോ അപകീർത്തിപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നില്ല പ്രസ്തുത മറുപടിയെന്നും പറഞ്ഞിരിക്കുന്നു. മന്ത്രിയുടെ ഈ മറുപടിയുടെ വെളിച്ചത്തിൽ ശ്രീ. ബി. വിജയകുമാറിന് അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

<u>ശ്രീ. സി.പി. ബാലൻവൈദ്യർ</u> : ശ്രീ. എം.എം. ഹസ്സന്റെ കേസ് പഴയ കാലത്തുള്ളതാണോ?

<u>മി. സ്പീക്കർ</u> : ഇതു ഇപ്പോൾ തന്നെയുള്ളതാണ്. പഴയ ചെയർമാൻ എന്ന നിലയിൽ വിളിച്ചതാണ്.

<u>ശ്രീ. സി.പി. ബാലൻവൈദ്യർ</u> : അങ്ങനെ ഒരു പ്രിവിലേജ് ഉണ്ടോ? മുൻപ് ചെയർമാനായിരുന്നയാൾ .....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇതിനെ സംബന്ധിച്ച് പറയാനുള്ള കാര്യങ്ങൾ പറഞ്ഞതല്ലാതെ എനിക്ക് കൂടുതലായിട്ട് ഒന്നും പറയാനില്ല. ശ്രീ. കെ.സി. ജോസഫിന് അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിനുള്ള അനുമതി ചെയർ നിഷേധിച്ചു. ക്ളിയറായില്ലേ? മുഴുവൻ കേട്ടില്ലായിരുന്നു.

(ബി) പരിഗണനയിലിരിക്കുന്നവ

2000 ഫെബ്രുവരി 2-ാം തീയതി ജപ്പാൻ സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികളുടെ കൺസൾട്ടൻസി നിയമനം സംബന്ധിച്ച് ഉന്നയിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി വാസ്തവവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുവാൻ ഉദ്ദേശിച്ച് കൊണ്ടുള്ളതുമാണെന്നാരോപിച്ച് മുഖ്യമന്ത്രിയ്ക്കെതിരെ അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് ശ്രീമതി റോസമ്മ ചാക്കോ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ഡിസംബർ 20-ാം തീയതിലെ (ഇന്നലെ) നിയമസഭാ നടപടികൾ റിപ്പോർട്ട് ചെയ്തുകൊണ്ട് ഡിസംബർ 21-ാം തീയതിലെ 'മലയാള മനോരമ' ദിനപ്പത്രത്തിൽ വന്ന വാർത്തയിൽ താൻ പറയാത്ത കാര്യങ്ങൾ താൻ പറഞ്ഞുവെന്ന രീതിയിൽ തെറ്റായി റിപ്പോർട്ട് ചെയ്തിരിക്കുന്നുവെന്നും ഇത് അവകാശലംഘനമാണെന്നും ആരോപിച്ചുകൊണ്ട് മലയാളമനോരമ ദിനപ്പത്രത്തിനെതിരെ ശ്രീ. ആനത്തലവട്ടം ആനന്ദനും ഓരോ നോട്ടീസുകൾ ചെയറിനു നൽകിയിട്ടുണ്ട്.

നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) : സർ, ഗവൺമെന്റിന് തൽക്കാലം വേറെ ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയാവുന്നതാണ്.

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... ഇത്തവണത്തെ സഭ വളരെ ചുരുങ്ങിയ സമയമേയുണ്ടായിരുന്നുള്ളൂ. പക്ഷേ വളരെ സജീവമായ ഒരു സഭ തന്നെയായിരുന്നു. അതിന്റെ ഏറ്റവും വലിയ സംഭാവനയാണ് സ്പോർട്സ് ബിൽ. അതിവിടെ പറഞ്ഞുകഴിഞ്ഞു. കഴിഞ്ഞ പ്രാവശ്യത്തേക്കാൾ കുറേക്കൂടി ഭംഗിയായും ഫലപ്രദമായും കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചു. കഴിഞ്ഞ പ്രാവശ്യത്തെ അനുഭവമുണ്ടല്ലോ? എല്ലാ ഭാഗത്തെയും സഹകരണമുണ്ടായി. പ്രതിഷേധമുണ്ടെങ്കിലും സഭയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് തടസ്സങ്ങളുണ്ടായില്ല എന്നത് സ്വാഗതാർഹമാണ്. അതിനു സഹകരിച്ച എല്ലാപേർക്കും എന്റെ നന്ദി രേഖപ്പെടുത്തുന്നു. സഭയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമതയോടുകൂടി മുന്നോട്ടുകൊണ്ടുപോകാൻ സഹായിച്ച സഭാനേതാവായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്കും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും ഞാൻ നന്ദി രേഖപ്പെടുത്തുന്നു. മറ്റെല്ലാവർക്കും പത്ര മാധ്യമങ്ങൾക്കും ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങൾക്കും പ്രത്യേകം നന്ദിപ്രകാശിപ്പിച്ചുകൊണ്ട് സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നതായി അറിയിച്ചുകൊള്ളുന്നു.

(2000 ഡിസംബർ മാസം 21-ാം തീയതി വൈകുന്നേരം 4.30 ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly